PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

Tuesday, the 18th October, 1955.

Vol. XIV **OFFICIAL REPORT** **No. 12**

The Assembly met in the Legislative Chamber, Trivandrum at Eight of the Clock, on Tuesday, the 18th October 1955 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

ജനബാഹുല്യം കുറയ്ക്കാൻ പദ്ധതി.

* 553. [2] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ജനബാഹുല്യം കുറയ്ക്കാൻ ഈ ഗവണ്മെന്റ് എന്തെങ്കിലും പദ്ധതി അടുത്ത കാലത്ത് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ പൂർണ്ണരൂപം എന്താണെന്നു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കായ്മമായ പദ്ധതിയൊന്നും ആലോചിച്ചിട്ടില്ല.

(ബി) എന്നാൽ രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഫാമിലി പ്ലാനിംഗിനുവേണ്ടി കുറച്ചു തുക വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ: ഭോപാൽ, ആൻഡമാൻ ഈ സ്ഥലങ്ങളിൽ കൃഷി അറിയാവുന്ന ആളുകളെ അയയ്ക്കുന്ന ഒരു പദ്ധതി നടപ്പിലില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു പദ്ധതി ഉണ്ട്. ആലോചിച്ചു കുറേപേരെ അയച്ചിട്ടുമുണ്ട്. പക്ഷേ അതൊക്കെ ജനങ്ങൾക്കിഷ്ടമില്ലാതെ കുറയ്ക്കാൻ പറ്റുമെന്നു തോന്നുന്നില്ല. ഒരു പ്രത്യേക കുടുംബങ്ങൾ പോയതുകൊണ്ടു വലിയ വ്യത്യാസം ഒന്നും വരാൻ പോകുന്നില്ല.

ശ്രീ. സി. എ. മത്തായി: ഇന്നത്തെ നിലയ്ക്ക് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഈ കുടിയേറ്റപ്പദ്ധതി കുറെയെങ്കിലും സഹായകമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുടിയേറ്റപദ്ധതിമൂലം തൊഴിലില്ലായ്മയ്ക്ക് വലിയ പരിഹാരം ഉണ്ടാകുമെന്നും തോന്നുന്നില്ല.

ശ്രീ. എ. എ. ഡി. ലൂയിസ്: ഫാമിലി പ്ലാനിംഗിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്ത് എത്ര ക്ലിനിക്സ് ഏർപ്പെടുത്തിയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ക്ലിനിക്സ് ഒന്നും ഇല്ല. ഇനി തുടങ്ങും.

സ്പിന്നിംഗ് മിൽ.

* 554. [3] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി നെയ്ത്തുകാരുടെ ആവശ്യാർത്ഥം സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന സ്പിന്നിംഗ് മിൽ സംബന്ധമായി ഗവണ്മെന്റ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ–ബി) സഹകരണാടിസ്ഥാനത്തിൽ ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനു് ഈ സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ഒരു സഹകരണ സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനാവശ്യമുള്ള തുകയുടെ കൂടുതൽ ഭാഗവും നെയ്ത്തു സഹകരണസംഘങ്ങൾ നൽകുകയാണെങ്കിൽ മാത്രമേ സെസ്സ്ഫണ്ടിൽനിന്നും ഗ്രാന്റിനു അർഹമാകൂ എന്നു് അഖിലഭാരത കൈത്തറി ബോർഡിൽ നിന്നും നിർദ്ദേശം ലഭിച്ചതിനെ തുടർന്നു് രണ്ടു് ദ്രുതങ്ങളുടെ അഭിപ്രായം ആരാഞ്ഞതിൽ ഗണ്യമായ എന്തെങ്കിലും തുക നൽകുന്നതിനു സഹകരണസംഘങ്ങൾക്കു് പ്രാപ്തിയില്ലെന്നു അറിവായി. സംസ്ഥാന നെയ്ത്തു ഉപദേശകസമിതി സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആസൂത്രണം ചെയ്യുന്നതിനു് ടി സമിതിയുടെ സ്റ്റാൻഡിംഗ് കമ്മിറ്റിക്കു് നിർദ്ദേശം നൽകിയിരിക്കുകയാണു്. കൂടാതെ രണ്ടാം പഞ്ചവത്സരപദ്ധതിയിലും ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിനു് 31.5 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly